പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 996 — 20.03.2012-ൽ മറുപടിയ്ക്ക്

ശ്രീ. പി.കെ. സുലൈമാന്റെ പെൻഷൻ ആനുകൂല്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.എ. മാധവൻ | ശ്രീ. അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) വടുതല എൽ..എഫ്.എൽ.പി. സ്ക്കൂളിൽ നിന്നും റിട്ടയർ ചെയ്ത അദ്ധ്യാപകൻ ശ്രീ. പി.കെ. സുലൈമാന്റെ പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനായുള്ള അപേക്ഷ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) ശ്രീ. പി.കെ. സുലൈമാൻ വിദേശജോലിയ്ക്കായി ശൂന്യവേതനാവധി എടുത്തതുമൂലം ടിയാന്റെ അംഗീകൃത സേവനകാലം 7 വർഷം 10 മാസം 27 ദിവസമാണ്. ആയതിനാൽ ടിയാന് മിനിമം പെൻഷന് അർഹതയില്ലായെന്നും വിദേശജോലിയ്ക്കായി ശൂന്യവേതനാവധി എടുത്തതുമൂലം ടിയാന് 18.09.99 ലെ സ:ഉ(പി) നം:1851/99/ധന പ്രകാരമുള്ള എക്സ്ഗ്രേഷ്യാ പെൻഷനും അർഹതയില്ല എന്നും സർവ്വീസ് ഗ്രാറ്റുവിറ്റിയ്ക്ക് മാത്രമാണ് അർഹതയുള്ളത് എന്നുമാണ് കുന്നംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |

(............2)

ഇത് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കുന്നംകുളം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ , സ്കൂൾ ഹെഡ്മിസ്ട്രസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുണ്ടോ ;

(സി) എങ്കിൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) നിലവിൽ കേസ്സുകൾ ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ അപേക്ഷയിൻമേൽ സത്വര നടപടികൾ സ്വീകരിക്കുമോ ?

(ബി), (സി) & (ഡി)

പെൻഷൻ ആനുകൂല്യം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി.കെ. സുലൈമാൻ ഫയൽ ചെയ്ത ഡബ്ല്യിയു. പി (സി) നം:18817/09 ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇതിൽ ബഹു. ഹൈക്കോടതി ഇതുവരെയും വിധിന്യായം പുറപ്പെടുവിച്ചിട്ടില്ല. കോടതി വിധിക്ക് അനുസൃതമായി മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ